MONDAY 20-03-2023 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**



**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-20/03/2023.

1. കോട്ടയം ജില്ല എലിക്കുളം ഗ്രാമപഞ്ചായത്ത് ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി ഹരിതോത്സവ് 2023 ഈ മാസം 23ന് വൈകിട്ട് 4 മണിക്ക് ഇളങ്ങുളം ശ്രീധർമ്മശാസ്ത്ര ഓഡിറ്റോറിയത്തിൽ വച്ച് കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കുന്നു. ഇതോടനുബന്ധിച്ച് കാർഷിക വിപണന മേളയും സംഘടിപ്പിച്ചിട്ടുണ്ട്.

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ സംയോജിത വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ചില്ലറ വിപണികൾ സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും (35%) മലയോര പ്രദേശങ്ങളിൽ 7.5 ലക്ഷം രൂപയും (50%), പഴം/പച്ചക്കറി ഉന്ത് വണ്ടികൾക്ക് 15,000/- രൂപയും (50%), ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും (40%) മലയോര പ്രദേശങ്ങളിൽ (50%) 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു.

കൂടാതെ, കുറഞ്ഞത് ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ള നഴ്സറികൾ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും (50%) കൂൺ കൃഷിയ്ക്ക് 8 ലക്ഷം രൂപയും (40%) കൂൺ വിത്തുത്പാദനത്തിന് 6 ലക്ഷം രൂപയും (40%) ധനസഹായം നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ഹോർട്ടികൾച്ചർ മിഷന്റെ ഓഫീസുമായി കൃഷി ഡെപ്യൂട്ടി ഡയറക്ടർ (എച്ച്), പ്രിൻസിപ്പൽ കൃഷി ഓഫിസ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്, എന്ന വിലാസത്തിലോ **9383471782** എന്ന ഫോൺ നമ്പരിലോ, www.shm.kerala.gov.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർബോർഡ് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് റബ്ബർതൈകൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നു. ഇത് സംബന്ധിച്ചുള്ള ധാരണാപത്രത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്

കമ്പനിയുടെ കൊച്ചി റീജിയണൽ മാനേജർ കെ.പി. അലക്സാണ്ടറും ഒപ്പുവെച്ചു. വടക്കുകിഴക്കൻ മേഖലയിലെ എൻ.ഇ. മിത്ര പദ്ധതിയിൽ ഉൾപെടുന്ന തോട്ടങ്ങൾക്കും പരമ്പരാഗതമേഖലയിലെ തോട്ട ങ്ങൾക്കുമാണ് ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ കഴിയുക. മരമൊന്നിന് രണ്ടു രൂപയാണ് പ്രതിവർഷ പ്രീമിയം. അപക്വകാലഘട്ടത്തിൽ (ഒന്നു മുതൽ ഏഴു വരെ വർഷം പ്രായമായ തൈകൾ) ഉള്ള തൈ ഒന്നിന് പരമാവധി 300 വരെ രൂപയും ടാപ്പുചെയ്യുന്നതിന് പാകമായ ഒരു മരത്തിന് പരമാവധി 1000 വരെ രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റീജിയണൽ റബ്ബർബോർഡ് കോൾസെന്ററുമായി (04812576622) ബന്ധപ്പെടുക.

4. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (ഡി.ആർ.സി.) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് 2023 മാർച്ച് 27 മുതൽ 29 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം.

**കാർഷിക നിർദ്ദേശങ്ങൾ**

വേനൽക്കാലത്ത് മേൽമണ്ണ് ചെറുതായി ഇളക്കിയിടുന്നത് ബാഷ്പീകരണ തോത് കുറയ്ക്കാനും ജല ആഗിരണ ശേഷി വർധിപ്പിക്കുന്നതിനും സഹായിക്കും. കാർഷിക വിളകൾക്ക് കൃത്യമായ ഇടവേളകളിൽ ജലസേചനം ഉറപ്പാക്കുക. ജൈവ വസ്തുക്കൾ ഉപയോഗിച്ച് വിളകളുടെ ചുവട്ടിൽ പുതയിടീൽ അനുവർത്തിക്കുക. ചകിരി ചോർ കമ്പോസ്റ്റിന്റെ ഉപയോഗവും ഈർപ്പം പിടിച്ചു നിർത്താൻ സഹായകമാണ്. വൃക്ഷ തൈകൾ, പച്ചക്കറി തൈകൾ തുടങ്ങിയവയ്ക്ക് തെങ്ങോല ഉപയോഗിച്ച് തണൽ നൽകുക റബ്ബർ,കവുങ്ങ്, തെങ്ങ് തുടങ്ങിയ വൃക്ഷ വിളകളുടെ തായ്തടിയിൽ കുമ്മായം പൂശി സൂര്യാഘാതത്തിൽ നിന്നും സംരക്ഷിക്കുക.